"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- എറണാകുളം ജില്ലയിലെ കലൂർ എസ് ഐ യു പി സ്കൂളിൽ നിന്നും വിരമിച്ച അദ്ധ്യാപകനായ ശ്രീ.അബ്ദുൾ കരീം ഫയൽ ചെയ്ത റിട്ട് ഹർജി (സി) 30431/08 ന്റെ വിധിന്യായം -നടപ്പിലാക്കുന്നത്- സ്പഷ്ടീകരണം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.1545/2022/GEDN തീയതി,തിരുവനന്തപുരം. 11-03-2022

---

പരാമർശം:-

1. ശ്രീ.അബ്ദുൾ കരീം ഫയൽ ചെയ്ത റിട്ട് ഹർജി (സി) 30431/08 ന്റെ 05/08/2013 ലെ വിധിന്യായം
2. 22/09/2020 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡി.ജി.ഇ/7834/2020-R2 നമ്പർ കത്ത്
3. 19/12/2017 ലെ എറണാകുളം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഐ.എ4/15917/16 നമ്പർ കത്ത്

### ഉത്തരവ്

എറണാകുളം ജില്ലയിലെ കലൂർ എസ് ഐ യു പി സ്കൂളിൽ നിന്നും വിരമിച്ച അദ്ധ്യാപകനായ ശ്രീ.അബ്ദുൾ കരീം ഫയൽ ചെയ്ത റിട്ട് ഹർജി (സി) 30431/08 ന്റെ വിധിന്യായത്തിൽ ഹർജിക്കാരനോട് സർക്കാരിൽ അപേക്ഷ സമർപ്പിക്കുവാനും ആയത് പരിശോധിക്കുവാനും നിർദ്ദേശിച്ചിരുന്നു. അതിൻ പ്രകാരം അപേക്ഷ എറണാകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശമ്പള പരിഷ്കരണത്തിന് ഒരിക്കൽ സമർപ്പിക്കുന്ന ഓപ്ഷൻ അന്തിമമാണെന്നും (ചട്ടം 15 PRO). ശമ്പള പരിഷ്കരണത്തിന് സമർപ്പിച്ചിരുന്ന ഓപ്ഷൻ തീയതിക്ക് മുൻകാല പ്രാബല്യത്തിൽ ശമ്പള സ്കെയിലിൽ പരിഷ്കാരമോ വ്യതിയാനമോ വരുന്ന സാഹചര്യങ്ങളിൽ മാത്രമേ റീ-ഓപ്ഷൻ അനുവദനീയമാകുന്നുള്ളൂവെന്നും (ചട്ടം 16 PRO) ഉള്ളത് ഓപ്ഷന്റെ അടിസ്ഥാന തത്വമാണ്. ഹർജിക്കാരന്റെ കേസിൽ ഓപ്ഷൻ തീയതിക്ക് മുൻകാല പ്രാബല്യത്തിൽ ശമ്പള സ്കെയിലിൽ പരിഷ്കാരമോ വ്യതിയാനമോ വന്നിട്ടില്ല. ആയതിനാൽ ഹർദജിക്കാരന്റെ അപേക്ഷ നിരസിച്ചു കൊണ്ടും അധികമായി കൈപ്പറ്റിയ തുക 24 തുല്യ തവണകളായി തിരിച്ചടക്കുന്നതിനും നിർദ്ദേശം നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ, കാക്കനാട്, എറണാകുളം-30

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, എറണാകുളം

കെ.യു. അബ്ദുൾ കരിം, അറബിക് ടീച്ചർ, എസ്.എൽ.യു.പി സ്കൂൾ, കലൂർ, പാലാരിവട്ടം പി.ഒ., കൊച്ചി.

ഹെഡ് മാസ്റ്റർ, എസ്.എൽ.യു.പി സ്കൂൾ കലൂർ, പാലാരിവട്ടം പി.ഒ., കൊച്ചി.-17

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Mini.t.r.
Date: 11-03-2022 12:51:13
സെക്ഷൻ ഓഫീസർ